**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 109** **07-06-2021 - ൽ മറുപടിയ്ക്ക്**

**പൊതുവിതരണ രംഗം കാര്യക്ഷമമാക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | Shri G R Anil<br>(ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഭക്ഷ്യ പൊതുവിതരണ രംഗത്തെ മായം ചേർക്കൽ, തൂക്കം വെട്ടിപ്പ് എന്നിവ സംബന്ധിച്ച ആക്ഷേപങ്ങൾ സമയബന്ധിതമായി അന്വേഷിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിനും കഴിയുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്നതിനായി എഫ്.സി.ഐ – യിൽ നിന്നും ലഭിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാര പരിശോധന എഫ്.സി.ഐ – യിലെ ക്വാളിറ്റി കൺട്രോളർ ഉറപ്പ് വരുത്തി ആയതിന്റെ സാമ്പിൾ പായ്ക്കറ്റ് സഹിതമാണ് NFSA ഗോഡൗണുകളിലേക്കും അവിടെ നിന്ന് റേഷൻ കടകളിലേക്കും ലഭ്യമാക്കുന്നത്. സാമ്പിൾ പായ്ക്കറ്റിൽ ഉള്ള ഭക്ഷ്യധാന്യം തന്നെയാണ് ലഭിക്കുന്നതെന്ന് NFSA ഗോഡൗണുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും എ.ആർ.ഡികളും ഉറപ്പ് വരുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. സപ്ലൈകോ ക്വാളിറ്റി അഷ്വറൻസ് ഓഫീസർ NFSA ഗോഡൗണുകളിലെ അരിയുടെ ഗുണനിലവാരം ഉറപ്പ് വരുത്തിയശേഷമാണ് വിതരണം നടത്തുന്നത്. കൂടാതെ ടി സാമ്പിൾ പായ്ക്കറ്റുകൾ റേഷൻ കടകളിൽ ഉപഭോക്താക്കൾ കാണത്തക്കവിധം പ്രദർശിപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് വകുപ്പിലെ പരിശോധനാ ഉദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പ് വരുത്തുകയും, നിയമലംഘനം നടത്തുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ NFSA ഗോഡൗണുകളിലും, എ.ആർ.ഡി കളിലും FIFO(First In First Out) രീതി കർശനമായും പിൻതുടരണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഏതെങ്കിലും സാഹചര്യത്തിൽ ഗുണനിലവാരമില്ലാത്ത ഭക്ഷ്യധാന്യം റേഷൻകടയിൽ ലഭ്യമായാൽ ആയത് വിതരണം ചെയ്യുവാൻ പാടില്ലായെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. തൂക്കം വെട്ടിപ്പ് തടയുന്നതിനും തൂക്ക കൃത്യത ഉറപ്പു വരുത്തുന്നതിനും ഇ-പോസ് മെഷീൻ ഇ-ത്രാസുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) | ഭക്ഷ്യ പൊതുവിതരണം സംബന്ധിച്ച പരാതികൾ | (ബി) | ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 |

| | | | |
|---|---|---|---|
| | അറിയിക്കുന്നതിനും നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും മന്ത്രിതലത്തിൽ പ്രത്യേക സംവിധാനം ഒരുക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | | അനുശാസിക്കുന്ന പ്രകാരം ഓൺലൈൻ പരാതിപരിഹാര സംവിധാനം (Public Grievance Redressal Portal) പ്രവർത്തനം ആരംഭിച്ചു. പൊതുവിതരണ ശൃംഖലയിലെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ് റേഷൻ സാധനങ്ങളുടെ തിരിമറി എന്നിവ തടയുന്നതിനായി ശക്തമായ ഒരു പരിശോധന സംവിധാനം രൂപീകരിച്ചിട്ടുണ്ട്. ഇതിനുപുറമെ, ആഗസ്റ്റ് മാസം മുതൽ മാസത്തിൽ ആദ്യത്തെ വെള്ളിയാഴ്ച 2 മണി മുതൽ 3 മണി വരെ പൊതുജനങ്ങൾക്ക് മന്ത്രിയുമായി നേരിട്ട് സംവദിക്കുവാൻ അവസരം ഉണ്ടാക്കിയിട്ടുണ്ട്. പ്രസ്തുത phone in programme-ലൂടെ ജനങ്ങൾക്ക് വകുപ്പുമായി ബന്ധപ്പെട്ട പരാതികൾ/നിർദ്ദേശങ്ങൾ മന്ത്രിയെ അറിയിക്കാവുന്നതാണ്. പൊതുവിതരണ മേഖലയെ അഴിമതി മുക്തമാക്കുന്നതിന് ശക്തമായ ഒരു പരിശോധന സംവിധാനം ഉണ്ട്. റേഷനിംഗ് ഇൻസ്പെക്ടർ മുതൽ ജില്ലാ സപ്ലൈ ഓഫീസർ വരെയുള്ളവർ നടത്തുന്ന പതിവ് പരിശോധനകൾക്ക് പുറമെ വിജിലൻസ് ഓഫീസർ, താലൂക്ക് സപ്ലൈ ഓഫീസർ (മൊബൈൽ പട്രോൾ) ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർ, ഭക്ഷ്യ കമ്മീഷൻ എന്നിവരും റേഷൻ കടകളിൽ മിന്നൽ പരിശോധന നടത്തുന്നുണ്ട്. ഇപ്രകാരം നിരന്തരം പരിശോധനകൾ നടത്തുകയും നിയമ ലംഘനം നടത്തുന്നവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു. കൂടാതെ സെക്രട്ടേറിയറ്റ് തല പരിശോധനാ സംഘവും പരാതികളിൻമേൽ അന്വേഷണം നടത്തി വരുന്നു. റേഷനിംഗ് ഇൻസ്പെക്ടർമാർ സിവിൽ സപ്ലൈസ് മാന്വൽ അനുസരിച്ച് അവരവരുടെ ഫർക്കയിലെ എല്ലാ എ.ആർ.ഡികളും മാസത്തിൽ ഒരു തവണ കർശനമായി പരിശോധിക്കുകയും ആയത് താലൂക്ക് സപ്ലൈ ഓഫീസർമാർ സൂപ്പർ ചെക്ക് ചെയ്യുകയും ചെയ്യുന്നു. റേഷനിംഗ് ഇൻസ്പെക്ടർമാർ പ്രതിവാരം 10 കാർഡുകളെങ്കിലും പരിശോധിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കാർഡുടമകൾക്ക് റേഷൻ സാധനങ്ങൾ കൃത്യമായി ലഭിക്കുന്നുണ്ടോയെന്നും വീഴ്ച വരുത്തുന്നവരുടെ പേരിൽ കർശന നടപടികളും സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് ആവശ്യമായ ഇടപെടലുകൾ നടത്തുമോയെന്ന് വ്യക്തമാക്കുമോ; | (സി) | ക്ലോസ് (ബി) യുടെ ഉത്തരം കണ്ടാലും. |
| (ഡി) | പൊതുവിതരണ രംഗം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തെങ്കിലും പരിഷ്ക്കാരങ്ങൾ | (ഡി) | ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 അനുശാസിക്കുന്ന പ്രകാരമുള്ള എല്ലാ പദ്ധതികളും |

| | | | |
|---|---|---|---|
| | വകുപ്പിൽ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വെളിപ്പെടുത്താമോ? | | സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ phone in programme-ലൂടെ പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന യുക്തിസഹവും അടിയന്തര പ്രാധാന്യവുമുള്ള നിർദ്ദേശങ്ങൾ പരിഗണിച്ച് വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ